(ബി) പ്രസ്തുത സ്കൂളിലെ കുട്ടികളുടെ പഠിക്കാനുള്ള ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് പുതിയ ഡിവിഷനുകൾ അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് പി. ടി. എ. നൽകിയ ഹർജിയിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പുതിയ ഡിവിഷനുകളോ തസ്തികകളോ അനുവദിക്കുന്നതിന് വിലക്കുള്ളതിനാൽ പി.ടി.എ. യുടെ ഹർജി പരിഗണിച്ചിട്ടില്ല. എന്നാൽ ഈ വിലക്ക് പിൻവലിക്കുന്നതിനുള്ള നടപടികൾ പരിഗണനയിലുണ്ട്.

അദ്ധ്യാപകരുടെ പുനർവിന്യാസം

91 (688) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ വർഷം അടച്ചുപൂട്ടിയ സ്കൂളുകളിലെ 5 വർഷത്തിൽ കുറവ് സർവ്വീസുള്ള അദ്ധ്യാപകരെ പുനർവിന്യസിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ ഇവരുടെ കാര്യത്തിൽ എന്ത് നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) ഇല്ല. ഇക്കാര്യം സർക്കാർ പരിശോധിച്ചു വരുന്നു.

ബി.എഡ്.കാരെ ഒഴിവാക്കി ടി.ടി.സി.ക്കാരെ നിയമിക്കണമെന്ന സുപ്രീംകോടതി വിധി

92 (689) ശ്രീ. വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1997-ൽ വിവിധ ജില്ലകളിൽ നിലവിൽ വന്ന എൽ.പി., യു.പി., അസിസ്റ്റന്റ് റാങ്ക് ലിസ്റ്റിൽ നിന്ന് ബി.എഡ്.കാരെ ഒഴിവാക്കി ടി. ടി. സി.ക്കാരെ നിയമിക്കണമെന്ന സുപ്രീംകോടതി വിധി സർക്കാർ നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) കോടതിയുടെ നിർദ്ദേശം നടപ്പിലാക്കാൻ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) സുപ്രീംകോടതി വിധി നടപ്പിലാക്കുന്നതു സംബന്ധിച്ച് പബ്ലിക് സർവ്വീസ് കമ്മീഷനുമായി എഴുത്തുകുത്തുകൾ നടന്നു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly